**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 970** **31-01-2024 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിൽ ടൈഗർ സഫാരി പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ പ്രഖ്യാപിച്ച ടൈഗർ സഫാരി പാർക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിൽ ടൈഗർ സഫാരി പാർക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 20.09.2023-ലെ യോഗത്തിൽ, സഫാരി പാർക്ക് ആരംഭിക്കുന്നതിനായി കോഴിക്കോട് പന്നിക്കോട്ടൂർ റിസർവ്വ് വനത്തിലോ, ആറളം ഫാമിലോ മറ്റേതെങ്കിലും സ്ഥലം ഉണ്ടെങ്കിൽ അവിടെയോ തുടങ്ങുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന്, നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായ ഒരു സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതിയുടെ സ്ഥലപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടൈഗർ സഫാരി പാർക്കിനായി കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ചിലെ പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷനിലെ പെരുവണ്ണാമൂഴി, മുതുകാട് എന്നീ രണ്ടു സ്ഥലങ്ങൾ നിർദ്ദേശിച്ചുകൊണ്ട് നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തുടർന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ സ്ഥലപരിശോധന നടത്തി 26.10.2023-ന് സർക്കാരിന് സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ, കോഴിക്കാട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ചിലെ പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മുതുകാട് എന്ന പ്രദേശത്തെ 120 ഹെക്ടർ ഭൂമിയിൽ ടൈഗർ സഫാരി പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ എന്തെല്ലാമാണ്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | കോഴിക്കാട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ചിലെ പെരുവണ്ണാമൂഴി സ്റ്റേഷൻ പരിധിയിൽപ്പെട്ട മുതുകാട് എന്ന പ്രദേശത്തെ 120 ഹെക്ടർ ഭൂമിയിൽ ടൈഗർ സഫാരി പാർക്ക് ആരംഭിക്കുന്നതിന്, 18.11.2023-ലെ സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് (സാധാ) നം. 435/2023/വനം പ്രകാരം തത്വത്തിൽ അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ, 20.01.2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 32/2024/വനം പ്രകാരം ടി പാർക്കിനു ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ടൈഗർ സഫാരി പാർക്കിന്റെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് സർവ്വെ നടപടികളുടെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | കോഴിക്കോട് ടൈഗർ സഫാരി പാർക്കുമായി ബന്ധപ്പെട്ട് സർവ്വെ പ്രവർത്തി അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് 25.11.2023 തീയതിയിൽ വനം-വന്യജീവി വകുപ്പ് മന്ത്രിയുടെയും കൃഷി വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം മേൽ സർവ്വെ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് ഫോറെസ്റ്റ് മിനി സർവ്വെ അസിസ്റ്റൻറ് ഡയറക്ടറെ നിയോഗിച്ചിട്ടുണ്ട്. ഇതുവരെ 120 ഹെക്ടറിൽ ഏകദേശം 80 ഹെക്ടർ പ്രദേശത്ത് സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | ടൈഗർ സഫാരി പാർക്കിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ പേരും വിശദവിവരങ്ങളും അറിയിക്കാമോ? | (ഡി) | ടൈഗർ സഫാരി പാർക്കിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി 20.01.2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 32/2024/വനം പ്രകാരം, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ആയ ശ്രീ.കെ.കെ.സുനിൽ കുമാറിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ടൈഗർ സഫാരി പാർക്ക് തുടങ്ങുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.435/2023/F&WLD തീയതി,തിരുവനന്തപുരം, 18-11-2023

പരാമർശം:-

1. ബഹു. വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന 20.09.2023-ലെ യോഗം
2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 26.10.2023-ലെ KFDHQ/2920/2023-CWW/WL3 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ ഒരു ടൈഗർ സഫാരി പാർക്ക് ആരംഭിക്കുന്ന വിഷയത്തിൽ, 20.09.2023-ൽ ചേർന്ന പരാമർശം-1 യോഗത്തിന്റെ തീരുമാനപ്രകാരം, ടി സഫാരി പാർക്ക് തുടങ്ങുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തി, അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായ ഒരു സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതിയുടെ സ്ഥല പരിശാധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടൈഗർ സഫാരി പാർക്കിനായി കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റേഞ്ചിലെ പെരുവണ്ണാമൂഴി സ്റ്റേഷൻ പരിധിയിൽ ഉൾപ്പെടുന്ന രണ്ട് സ്ഥലങ്ങൾ ( പെരുവണ്ണാമുഴി, മുതുകാട് ) നിർദ്ദേശിച്ചുകൊണ്ട്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, പരാമർശം-2 കത്തിലൂടെ റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

പ്രസ്തുത സ്ഥലങ്ങളിൽ, കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ വില്ലേജിൽ വരുന്നതും പ്ലാന്റേഷൻ കോർപ്പറേഷന് വനം വകുപ്പ് പാട്ടത്തിന് നൽകിയിരുന്ന, നിലവിൽ പാട്ട കാലാവധി അവസാനിച്ച, 1230.53 ഹെക്ടർ ഭൂമിയുടെ ഭാഗമായതുമായ മുതുകാട് എന്ന പ്രദേശത്തെ 120 ഹെക്ടർ സ്ഥലം, അതിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും ജലത്തിന്റെ ലഭ്യതയും സസ്യജാലവും കണക്കിലെടുക്കുമ്പോൾ, ടൈഗർ സഫാരി പാർക്കിന് ഏറ്റവും അനുയോജ്യമാണെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ തന്റെ റിപ്പോർട്ടിൽ വിശദീകരിക്കുന്നു. കൂടാതെ, ടി സ്ഥലത്തിന് ചുറ്റും മനുഷ്യവാസം ഇല്ലാത്തത്, മറ്റൊരു അനുയോജ്യമായ ഘടകമായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ ചൂണ്ടിക്കാട്ടുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് വനം

ഡിവിഷനിലെ പെരുവണ്ണാമൂഴി റേഞ്ചിലെ പെരുവണ്ണാമൂഴി സ്റ്റേഷൻ പരിധിയിൽപ്പെട്ട മുതുകാട് എന്ന പ്രദേശത്തെ 120 ഹെക്ടർ ഭൂമിയിൽ, ടൈഗർ സഫാരി പാർക്ക് ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറെസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, നോർത്തേൺ സർക്കിൾ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ)
കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shajir A
Date: 19-11-2023 11:37:17
സെക്ഷൻ ഓഫീസർ

പകർപ്പ് - വനം വന്യജീവി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - കോഴിക്കോട് ആരംഭിക്കുന്ന ടൈഗർ സഫാരി പാർക്കിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**വനം വന്യജീവി(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.32/2024/F&WLD തീയതി,തിരുവനന്തപുരം, 20-01-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം.435/2023/വനം തീയതി 18.11.2023.
2. ബഹു. വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന 25.11.2023-ലെ യോഗം
3. അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണ വിഭാഗം)-ന്റെ 29.12.2023-ലെ KFDHQ/8392/2023-ADMIN/D2 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റേഞ്ചിലെ മുതുകാട് എന്ന പ്രദേശത്ത് ടൈഗർ സഫാരി പാർക്ക് ആരംഭിക്കുന്നതിന്, പരാമർശം-1 പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിരുന്നു. പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിന് പരാമർശം 2-യോഗം തീരുമാനിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ കെ.കെ സുനിൽ കുമാർ എസിഎഫ്(സോഷ്യൽ ഫോറെസ്റ്ററി എക്സ്റ്റൻഷൻ)-നെ കോഴിക്കോട് ആരംഭിക്കുന്ന ടൈഗർ സഫാരി പാർക്കിന്റെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD V R
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറെസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം
അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണ വിഭാഗം), തിരുവനന്തപുരം
ശ്രീ. കെ.കെ.സുനിൽ കുമാർ എസിഎഫ്(സോഷ്യൽ ഫോറെസ്റ്ററി എക്സ്റ്റൻഷൻ), ഫോറസ്റ്റ്

ഹെഡ്ക്വാർട്ടേർസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), തിരുവനന്തപുരം
കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം

Signed by
Anjaly Devi A G
Date: 20-01-2024 14:11:03

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. വനം വകുപ്പ് മന്ത്രിയുടെ പിഎസ്